**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4551** **29-10-2021 - ൽ മറുപടിയ്ക്ക്**

**വൃക്ഷം വളർത്തൽ പ്രോത്സാഹന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | **Shri. A. K. Saseendran**<br>**(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വനം വന്യജീവി വകുപ്പിന് കീഴിൽ വൃക്ഷം വളർത്തൽ പ്രോത്സാഹനത്തിന് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണെന്നും, ആയതിനുള്ള ധനസഹായങ്ങളും വിശദീകരിക്കാമോ; | (എ) | സംസ്ഥാനത്ത് വൃക്ഷം വളർത്തൽ പ്രോത്സാഹനത്തിന് നടപ്പിലാക്കിവരുന്ന പദ്ധതിയുടെ ഭാഗമായി വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി 2012 വർഷം മുതൽ നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതി പ്രകാരം തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് എന്നിങ്ങനെ പത്തിനം വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നവർക്ക് തൈകളുടെ എണ്ണം അനുസരിച്ച് മൂന്ന് തലങ്ങളിലായാണ് ധനസഹായം നൽകുന്നത്. 50 തൈകൾ മുതൽ 200 തൈകൾ വരെ തൈ ഒന്നിന് 50/- രൂപ നിരക്കിലും, 201 മുതൽ 400 എണ്ണം തൈകൾക്ക് തൈ ഒന്നിന് 40/- രൂപ നിരക്കിലും, 401 മുതൽ 625 എണ്ണം തൈകൾക്ക് തൈ ഒന്നിന് 30/- രൂപ നിരക്കിലും ധനസഹായം നൽകുന്നതാണ്. |
| (ബി) | വൃക്ഷം വളർത്തൽ പ്രോത്സാഹനത്തിന് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഇപ്പോൾ നിലവിലില്ലെങ്കിൽ ആയത് പുന:സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് വൃക്ഷം വളർത്തൽ പ്രോത്സാഹനത്തിന് നടപ്പിലാക്കിവരുന്ന പദ്ധതിയുടെ ഭാഗമായി വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി 2012 വർഷം മുതൽ നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതി പ്രകാരം തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കുമ്പിൾ, കുന്നിവാക, തേമ്പാവ് എന്നിങ്ങനെ പത്തിനം വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നവർക്ക് തൈകളുടെ എണ്ണം അനുസരിച്ച് മൂന്ന് തലങ്ങളിലായാണ് ധനസഹായം നൽകുന്നത്. 50 തൈകൾ മുതൽ 200 തൈകൾ വരെ തൈ ഒന്നിന് 50/- രൂപ നിരക്കിലും, 201 മുതൽ 400 എണ്ണം തൈകൾക്ക് തൈ ഒന്നിന് 40/- രൂപ നിരക്കിലും, 401 മുതൽ 625 എണ്ണം തൈകൾക്ക് |

| | | | |
|---|---|---|---|
| | | | തൈ ഒന്നിന് 30/- രൂപ നിരക്കിലും ധനസഹായം നൽകുന്നതാണ്. |
| (സി) | കണ്ണവം ഫോറസ്റ്റ് റേഞ്ചിന്റെ കീഴിൽ വരുന്ന ചെറുവാഞ്ചേരി സെൻട്രൽ നഴ്സറിയിൽ വൃക്ഷത്തൈകളുടെ ഉത്പാദനം വർദ്ധിപ്പിക്കാനും ഉപഭോക്താക്കൾക്ക് സൗജന്യമായി വിതരണം ചെയ്യാനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | കണ്ണൂർ ടെറിട്ടോറിയൽ ഡിവിഷന്റെ പരിധിയിലെ കണ്ണവം റെയിഞ്ചിന്റെ കീഴിൽ വരുന്ന ചെറുവാഞ്ചേരി സെൻട്രൽ നഴ്സറിയിൽ  നിന്നും നിലവിൽ വൃക്ഷത്തൈകൾ സൗജന്യമായി വിതരണം ചെയ്യുന്നില്ല. കഴിഞ്ഞ 3 വർഷങ്ങളിലായി ഉത്പാദിപ്പിച്ച തൈകളുടെയും വിതരണം ചെയ്ത തൈകളുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

കഴിഞ്ഞ 3 വർഷങ്ങളിലായി ഉത്പാദിപ്പിച്ച തൈകളുടെയും വിതരണം ചെയ്ത തൈകളുടെയും വിവരങ്ങൾ.

| വർഷം | ഉത്പാദിപ്പിച്ച തൈകളുടെ എണ്ണം | | വിതരണം ചെയ്ത തൈകളുടെ എണ്ണം | | റിമാർക്കസ് |
|---|---|---|---|---|---|
| | തേക്ക് | പലജാതി തൈകൾ | തേക്ക് | പലജാതി തൈകൾ | |
| 2019 | 90000 | 20000 | 34500 | 12985 | ഡിപ്പാർട്ട്മെന്റ് ആവശ്യത്തിന് |
| | | | 28592 | 3030 | പൊതു ജനങ്ങൾക്ക് വിൽപ്പന നടത്തിയത് |
| | | | 7500 | | ആറളം ഗ്രാമപഞ്ചായത്തിന് നൽകിയത് |
| | | | 19408 | 3985 | നശിച്ചു പോയത് |
| **ആകെ** | **90000** | **20000** | **90000** | **20000** | |
| 2020 | | 10000 | | **5741** | ഡിപ്പാർട്ട്മെന്റ് ആവശ്യത്തിന് |
| | | | | 710 | മറ്റ് വകുപ്പുകൾക്ക് നൽകിയത് |
| | | | | 2030 | പൊതു ജനങ്ങൾക്ക് വിൽപ്പന നടത്തിയത് |
| | | | | 1519 | ബാക്കിയുള്ളത് |
| ആകെ | | | | **10000** | |
| 2021 | 65000 | 60000 | 41922 | 24468 | ഡിപ്പാർട്ട്മെന്റ് ആവശ്യത്തിന് |
| | | | 10501 | 618 | പൊതു ജനങ്ങൾക്ക് വിൽപ്പന നടത്തിയത് |
| | | | 1300 | 9062 | നശിച്ചു പോയത് |
| | | | 11277 | 25852 | ബാക്കിയുള്ളത് |
| ആകെ | | | **65000** | **60000** | |